"ഭരണഭാഷ - മാതൃഭാഷ"

# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(-1956ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)

രജി .ഓഫീസ് : വൈദ്യുതി ഭവനം ,പട്ടം ,തിരുവനന്തപുരം - 695 004 ,കേരള

CIN :U40100KL2011SGC027424 വെബ് സൈറ്റ് : www.kseb.in.

സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ) -ന്റെ കാര്യാലയം

ഫോൺ +91 471 2514456, 2514575, 2514504 ഫാക്സ്: 0471 2554039,

ഇ-മെയിൽ : secretary@ksebnet.com

നം. സി.ഇ (ആർ.ഇ.ഇ.എസ്)/ എസ്റ്റേറ്റ്/എ.ഇ.ഇ.6/ സോളാർ--ജനറൽ/19-20/1588/12.12.2019

## പരിപത്രം

വിഷയം:- 09.09.2016 ലെ പരിപത്രം – മീറ്ററുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ചുള്ള ഭേദഗതികൾ.

സൂചന:- (1) 09.09.2016 ലെ പരിപത്രം നം.സി.ഇ(ആർ.ഇ.ഇ.എസ്)/പ്രോജക്ട്സ്/എ.ഇ.ഇ.6/ സോളാർ-ജനറൽ/ 16-17/ 766 (1).

(2). 23.11.2019 ൽ നടത്തിയ യോഗത്തിന്റെ മിനിട്ട്സ്

1 kWp മുതൽ 1 MWp വരെ ശേഷിയുള്ള സൗരവൈദ്യുതി ഉല്പാദന സംവിധാനം വിതരണ ശൃംഖലയുമായി ഘടിപ്പിക്കുന്നതിനുള്ള അപേക്ഷയിന്മേൽ കെ.എസ്.ഇ.ബി.എൽ ഓഫീസുകൾ എടുക്കേണ്ട നടപടികൾ സൂചന (2) പ്രകാരം കെ.എസ്.ഇ.ബി.എൽ-ന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇത്തരം സൗരവൈദ്യുതി നിലയങ്ങളിൽ നെറ്റ് മീറ്റർ, സോളാർ മീറ്റർ എന്നിവ സ്ഥാപിക്കുന്നതിനെ സംബന്ധിച്ച അവ്യക്തത പരിഹരിക്കുന്നതിനായുള്ള ഭേദഗതികൾ ചുവടെ ചേർത്തിരിക്കുന്നു

ഗ്രിഡ് ബന്ധിത സൗരോർജ്ജ നിലയം സ്ഥാപിക്കുന്ന ഉപഭോക്താക്കൾ നെറ്റ് മീറ്ററും സോളാർ മീറ്ററും നിർബന്ധമായും സ്ഥാപിക്കേണ്ടതാണ്. ഇതിൽ നെറ്റ് മീറ്റർ സ്ഥാപിക്കേണ്ടത് വിതരണ ലൈസൻസിയുടെ വിതരണ ശൃംഖലയുമായി ഉപഭോക്താവിന്റെ വൈദ്യുത സർക്യൂട്ട് ബന്ധിപ്പിക്കുന്ന ഭാഗത്തും സൗരോർജ്ജ ഉത്പാദനം അളക്കുന്നതിനുള്ള സോളാർ മീറ്റർ സ്ഥാപിക്കേണ്ടത് സൗരവൈദ്യുതി നിലയത്തിലുമാണ്. എന്നാൽ, നെറ്റ് മീറ്ററിന്റേയും സോളാർ മീറ്ററിന്റേയും റീഡിംഗ് സുഗമമായി എടുക്കുന്നതിനായി നെറ്റ് മീറ്ററിന് അടുത്തായി തന്നെ സോളാർ മീറ്റർ സ്ഥാപിച്ചു വരുന്നു. ചില ഉപഭോക്താക്കൾക്ക് നെറ്റ് മീറ്ററിന് അടുത്തായി സോളാർ മീറ്റർ സ്ഥാപിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ട് അനുഭവിക്കുന്നതായി കണ്ടുവരുന്നു. അത്തരം ഉപഭോക്താക്കളുടെ സോളാർ മീറ്ററുകൾ സൗരവൈദ്യുതി നിലയത്തിനടുത്തായി തന്നെ സ്ഥാപിച്ചു വരുന്നു. ഇത്തരത്തിൽ സ്ഥാപിച്ച സോളാർ മീറ്ററിൽ നിന്നുള്ള റീഡിംഗ് എടുക്കുന്നതിന് വളരെയധികം ബുദ്ധിമുട്ട് ഫീൽഡ് തലത്തിൽ അനുഭവപ്പെടുന്നുണ്ട്. ഇതിനുള്ള പരിഹാരം താഴെ സൂചിപ്പിക്കുന്നു.

1. നിലവിൽ ഗ്രിഡ് ബന്ധിത സൗര വൈദ്യുതി നിലയം സ്ഥാപിച്ചിട്ടുള്ള ഉപഭോക്താക്കൾ നെറ്റ് മീറ്ററിനടുത്ത് സോളാർ മീറ്റർ സ്ഥാപിച്ചിട്ടില്ലെങ്കിൽ ഇത്തരത്തിലുള്ള ഉപഭോക്താക്കൾക്ക് താഴെപ്പറയുന്ന കാര്യങ്ങൾക്ക് നോട്ടീസ് നൽകേണ്ടതാണ്.
   - നെറ്റ് മീറ്ററിനടുത്ത് സോളാർ മീറ്റർ മാറ്റി സ്ഥാപിക്കുന്നതിന്
   - നെറ്റ് മീറ്ററിനടുത്ത് സോളാർ മീറ്റർ മാറ്റി സ്ഥാപിക്കാൻ പ്രായോഗിക ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ടെങ്കിൽ മീറ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ള കമ്മ്യൂണിക്കേഷൻ ഫെസിലിറ്റി ഉപയോഗപ്പെടുത്തി സോളാർ മീറ്റർ റീഡിംഗ് നെറ്റ് മീറ്ററിനരുകിലായി പ്രദർശിപ്പിക്കുന്നതിന്
2. പുതിയതായി ഗ്രിഡ് ബന്ധിത സൗര വൈദ്യുതി നിലയം സ്ഥാപിക്കുന്ന ഉപഭോക്താക്കളുടെ സോളാർ മീറ്റർ കാലിബ്രേറ്റ് ചെയ്തതാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.കൂടാതെ സോളാർ മീറ്റർ റീഡിംഗ് നെറ്റ് മീറ്ററിനടുത്ത് കിട്ടുന്ന വിധത്തിലാക്കേണ്ടതാണ്.

12/12

പി.ജി. ഉണ്ണികൃഷ്ണൻ

സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)

12/12

പകർപ്പ് –

എല്ലാ ചീഫ് എഞ്ചിനീയർമാർക്കും/എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും/
എല്ലാ അക്കൗണ്ട് റെണ്ടറിംഗ് യൂണിറ്റുകൾക്കും.